**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5913** **09-07-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ആസ്തിവികസന പദ്ധതി പ്രകാരം പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബില്ലുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ മതിയായ ഫണ്ട് ഇല്ലാത്തതുകാരണം തടഞ്ഞുവച്ചിട്ടുണ്ടോ; പ്രസ്തുത ഓഫീസിൽ ബില്ല് പരിശോധിക്കാൻ അനാവശ്യ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | 2021-22, 2022-23 , 2023-24 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; അതിൽ ചെലവഴിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ഫണ്ടില്ലെന്ന കാരണത്താൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കരാറുകാരുടെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതു മൂലം ആസ്തി വികസന പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ വിമുഖത കാണിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കൃത്യസമയത്ത് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | മറ്റ് പദ്ധതികളിൽ അനുവദിക്കുന്നതു പോലെ ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ എക്സസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ടെണ്ടർ എബൗ അനുവദിക്കാത്തതുകാരണം കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാട്ടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കൂടുതൽ / കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി |

| | | | |
|---|---|---|---|
| | | | പരിഗണിക്കേണ്ടതാണ്. ടെണ്ടർ എക്സസ് ആണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തികവർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. |
| (ഇ) | കടുത്തുരുത്തി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട മുളക്കുളം പഞ്ചായത്തിലെ അവർമ്മ എൽ.പി. സ്കൂൾ, സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ എന്നിവയുടെ ബില്ലുകൾ കഴിഞ്ഞ 10 മാസമായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തടഞ്ഞുവച്ചിരിക്കുന്നത് റിലീസ് ചെയ്ത് കരാറുകാരന് ബിൽ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ